# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടി കൊണ്ട് പോയി പീഡിപ്പിച്ചയാൾ പോലീസ് പിടിയിലായി

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകൂട്ടിയെ ലൈംഗീകമായി പീഡിപ്പിച്ച് തട്ടികൊണ്ട് പോയയാൾ പോലീസ് പിടിയിലായി. പരവൂർ പൂതക്കുളം ഇടയാടി ചരുവിള വീട്ടിൽ സുകുമാരൻ മകൻ സന്തോഷ് (24) ആണ്പരവൂർ പോലീസിന്റെ പിടിയിലായത്. പ്രായ പൂർ ത്തിയാകാത്ത പെൺകുട്ടിയെ തട്ടി കൊണ്ട് പൊയതായി കുട്ടിയുടെ മാതാവ് നൽകിയ പരിതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിലാണ് പോലീസ് നടപടി. പോലീസ് നടത്തിയ പരിശോധനയിൽ മണിക്കൂറുകൾക്കകം പ്രതി പിടിയിലാകുകയായിരുന്നു. പെൺകുട്ടിയെ വീട്ടിൽ നിന്നും വിളിച്ച് ഇറക്കി ഒളിയിടത്തിൽ എത്തിച്ച പ്രതിയെ അവിടെ നിന്നും പെൺകുട്ടിക്കൊപ്പമാണ് പിടികൂടിയത്. പെൺകുട്ടിയോട് പ്രതി ലൈഗീംക അതിക്രമം നടത്തിയതായി വൈദ്യ പരിശോധനയിൽ വെളിവായതിനെ തുടർന്ന് ഇയാൾക്കെതിരെ തട്ടികൊണ്ട് പോകൽ കൂടാതെ പോക്സോ പ്രകാരമുള്ള വകുപ്പുകളും ചേർത്ത് റിമാന്റ് ചെയ്യുകയായിരുന്നു. പരവൂർ ഇൻസ് പെക്ടർ നിസാർ. എ, എസ്സ്. ഐമാരായ വിജിത്ത് കെ നായർ, അഷറഫ്, ഷൂജ, സി.പി.ഓമാരായ അരുൺ, ശ്രീലത എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.




# പോലീസിനെ ആക്രമിച്ചവരെ പിടികൂടി

കൊല്ലം : കൊല്ലം ബീച്ച് റോഡിൽ പോലീസിനെ ആക്രമിച്ചവരെ പിടികൂടി.




ഹരികൃഷ്ണൻ (27) സുശാന്ത് (27)

ബീച്ച് റോഡിൽ അടികൂടിയും പൊതുജനങ്ങളെ അസഭ്യം വിളിച്ചും ഗതാഗത തടസം ഉണ്ടാക്കിയവരെ പിൻതിരിപ്പിക്കാൻ ശ്രമിച്ചപ്പോഴാണ് ഇവർ പോലീസിനെ ആക്രമിച്ചത്. തുടർന്ന് പോലീസ് ഇവരെ കീഴടക്കി ഈസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് മാറ്റുകയായിരുന്നു. ബീച്ച് റോഡിൽ പൊതുജന ശല്യവും ഗതാഗത തടസവും ഉണ്ടാക്കുന്നുവെന്നറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് സംഘത്തെയാണ് കൈയ്യേറ്റം ചെയ്തത്. തെക്കേവിള വില്ലേജിൽ ടി ചേരിയിൽ തായ് വീട്ടിൽ സുരേഷ് മകൻ സുശാന്ത് (27), ടി ചേരിയിൽ കൃഷ്ണപുരി വീട്ടിൽ ഗോപാലകൃഷ്ണൻ മകൻ ഹരികൃഷ്ണൻ (27) എന്നിവരാണ് പോലീസ് പിടിയിലായത്. ഈസ്റ്റ് എസ്സ്.ഐ രജീഷ്. പി, സി.പി.ഓ രമേശ് എന്നിവർ ചേർന്നാണ് ഇവരെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു

## മധ്യവയസ്ക്കനെ ബിയർ കുപ്പി കൊണ്ട് കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച യുവാവിനെ അറസ്റ്റ് ചെയ്തു

കൊല്ലം : വർക്ക്ഷോപ്പിന് സമീപമിരുന്ന് മദ്യപിച്ചത് ചോദ്യം ചെയ്ത വർക്ക്ഷോപ്പ് മേശിരിയെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാളെ കൊല്ലം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു. കൊച്ചുപിലാംമ്മൂടിന് സമീപം വർക്ക്ഷോപ്പ് നടത്തി വരുന്ന കൊല്ലം താമരക്കുളം സ്വദേശി തമ്പിയെ ആണ് ബിയർ കുപ്പി വച്ച് തലയ്ക്കടിച്ചും കുത്തിയും കൊലപ്പെടുത്താൻ ശ്രമിച്ചത്. വയറ്റിൽ ആഴത്തിൽ കുത്തേറ്റ് ഗുരുതരാവസ്ഥയിലായ തമ്പിയെ ജില്ലാ ആശുപത്രിയിൽ പ്രഥമശിശ്രൂഷ നൽകിയ ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. കുത്തിയതിന് ശേഷം സമീപത്തെ കാടുപിടിച്ച സ്ഥലത്ത് ഒളിച്ചിരുന്ന പെരുമ്പുഴ വില്ലേജിൽ മാടൻവിള പുത്തൻ വീട്ടിൽ ബാലൻ മകൻ ജയൻ എന്നു വിളിക്കുന്ന ബിജുവിനെ(43) പോലീസ് പിടികൂടുകയായിരുന്നു. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷ്, എസ്സ്.ഐ ദിൽജിത്ത്,



ബിജു @ ജയൻ

സിപിഓമാരായ സുനിൽ, രമേശ് എന്നിവർ ചേർന്ന് നടത്തിയ പരിശോധനയിലാണ് ബിജു ഈസ്റ്റ് പോലീസിന്റെ പിടിയിലായത്. ഇയാളെ റിമാന്റ് ചെയ്തു.

## . കോവിഡ് മാനദണ്ഡം ലംഘിച്ചതിന് 348 പേരെ അറസ്റ്റ് ചെയ്തു - 2448 പേർക്കെതിരെ നടപടിയെടുത്ത് കൊല്ലം സിറ്റി പോലീസ്

**ക്വാറന്റെൻ ലംഘിച്ച 32 പേരെയടക്കം 348 പേരെ അറസ്റ്റ് ചെയ്തു, 237 വാഹനങ്ങൾ പിടിച്ചെടുത്തു, 74 സ്ഥാപനങ്ങൾ അടച്ച് പൂട്ടി - 13872 പേരെ താക്കീത് ചെയ്തു**

കൊല്ലം : പോലീസ് 348 പേരെ മാനദണ്ഡം ലംഘിച്ചതിന് അറസ്റ്റ് ചെയ്തു. അതിൽ 32 പേർ ക്വാറന്റെനിലിരിക്കെ പൊതു സമൂഹത്തിൽ ഇറങ്ങി നടന്ന് കോവീഡ് വ്യാപിപ്പിക്കാൻ ശ്രമിച്ചവരാണ്. ഇവരെ അറസ്റ്റ് ചെയ്ത് ഡോമിസിലറി കെയർ സെന്ററിലേക്ക് മാറ്റി. കൊല്ലം വെസ്റ്റ്, ശക്തികുളങ്ങര, ഇരവിപുരം, ചാത്തന്നൂർ, പരവൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഒരോരുത്തർ വീതവും കിളികൊല്ലൂർ, കണ്ണനല്ലൂർ, കൊട്ടിയം, പാരിപ്പള്ളി, ഓച്ചിറ, തെക്കുഭാഗം എന്നീ പോലീസ് സ്റ്റേഷനുകളിൽ രണ്ട് പേർ വീതവും, അഞ്ചാലുമ്മൂട്, ചവറ പോലീസ് സ്റ്റേഷനുകളിൽ മൂന്ന് പേർ വീതവും, കൊല്ലം ഈസ്റ്റിൽ നാല് പേരും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ അഞ്ച് പേരുമാണ് ക്വാറന്റെൻ ലംഘനത്തിന് പോലീസ് നടപടി നേരിടേണ്ടി വന്നതെന്നും ക്വാറന്റെൻ ലംഘന പരിശോധനകൾ വരും ദിവസങ്ങളിലും ശക്തമായി തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് അറിയിച്ചു.

കോവിഡ് പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മാനദണ്ഡങ്ങൾ ലംഘിച്ച 237 വാഹനങ്ങൾ പിടിച്ചെടുക്കുകയും 74 സ്ഥാപനങ്ങൾ അടച്ച് പൂട്ടുകയും ചെയ്തു. കോവിഡ് നിയന്ത്രണം ലംഘിച്ച 348 പേരെ അറസ്റ്റ് ചെയ്യുകയും ശരിയായ വിധം മാസ്ക്ക് ധരിക്കാതിരുന്ന 1069 പേർക്കെതിരേയും സാമൂഹിക അകലം പാലിക്കാതിരുന്ന 1036 പേർക്കെതിരെയും നടപടി സ്വീകരിച്ചതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.